# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 353** **24.06.2014-ലെ മറുപടിക്ക്**

## ശമ്പള പരിഷ്കരണ കമ്മിഷൻ

**ചോദ്യം**

ശ്രീ. മാത്യൂ റ്റി. തോമസ്
ശ്രീ. സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ

**ഉത്തരം**

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് നിയോഗിക്കപ്പെട്ട കമ്മീഷന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | സംസ്ഥാന സർക്കാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് പത്താം ശമ്പള പരിഷ്ക്കരണ കമ്മീഷനെ 30.11.2013 ലെ സ.ഉ. (കൈ) നം.583/2013/ധന പ്രകാരം ആറുമാസക്കാലാവധി കണക്കാക്കി നിയമിച്ച് ഉത്തരവായിട്ടുണ്ട്. 12.06.2014 ലെ സ.ഉ.(കൈ) നം. 218/2014/ധന പ്രകാരം കമ്മീഷന്റെ കാലാവധി 04.12.2014 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് 22.02.2014 ലെ സ.ഉ.(കൈ) 79/2014/ധന പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കമ്മീഷന്റെ ഓഫീസ് സ്വരാജ് ഭവനിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. കമ്മീഷന്റെ ഓഫീസ് പ്രവർത്തനങ്ങൾക്ക് 17.05.2014 ലെ സ.ഉ (കൈ) നം.176/2014/ധന പ്രകാരം തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | |
| (സി) | പ്രസ്തുത കമ്മീഷന്റെ ശുപാർശ അനുസരിച്ചുള്ള പരിഷ്കരണം എന്നു മുതൽ പ്രാബല്യത്തിൽ വരുത്താനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്? | പത്താം ശമ്പള കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സേവന വേതന വ്യവസ്ഥകൾ പുതുക്കി നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ